**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചാത്തന്നൂർ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ പുതുതായി റേഷൻ കടകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ റേഷൻ കടകൾ ആരംഭിക്കുന്നതിനാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ചാത്തന്നൂർ മണ്ഡലത്തിൽ കല്ലുവാതുക്കൽ പഞ്ചായത്തിലെ എഴിപ്പുറം വാർഡ് (XIII), പുതിയപാലം വാർഡ് (IX) എന്നിവിടങ്ങളിലും പൂതക്കുളം പഞ്ചായത്തിലെ പുന്നേക്കുളം എന്ന സ്ഥലത്തും പുതിയ റേഷൻകട അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.<br><br>ലഭ്യമായ അപേക്ഷകൾ അന്വേഷണ റിപ്പോർട്ടിനായി കൊല്ലം ജില്ലാ സപ്ലൈ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസറുടെ ശിപാർശയും ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ച്, പ്രൊഫോർമ റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>പോർട്ടബിലിറ്റി സംവിധാനം നിലവിലുള്ളതിനാൽ, ഒരു പ്രദേശത്ത് പുതിയ റേഷൻ കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, പുതിയ റേഷൻ കടയിൽ ലഭിക്കാവുന്ന കാർഡുകളുടെ എണ്ണം, പുതിയകട അനുവദിക്കുന്നത് കൊണ്ട് ചുറ്റുപാടുമുള്ള റേഷൻ കടകളുടെ വരുമാനത്തെ ബാധിക്കുമോ, സാമ്പത്തികമായി ഗുണകരമാണോ എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പരിഗണനാർഹമെങ്കിൽ പുതിയ റേഷൻ കടകൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും പുതിയ റേഷൻ കടകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ